**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – 2009–10 വാർഷിക പദ്ധതി – റോഡ് പുനരുദ്ധാരണ പദ്ധതിക്ക് വിഹിതം കണ്ടെത്തുവാൻ ഉത്പാദനമേഖലയുടെ വിഹിതം 40 ശതമാനത്തിൽ നിന്നും 30 ശതമാനമായി കുറവ് ചെയ്യുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

സ.ഉ.(സാധാ)നമ്പർ. 50/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 05–01–2010

പരാമർശം: 1. സ.ഉ.(എം.എസ്)നം.128/2007/തസ്വഭവ; തീയതി 14.05.2007
2. സ.ഉ.(എം.എസ്) നം. 58/2009/തസ്വഭവ; തീയതി 21.04.2009
3 10.09.2009, 24.12.2009 തീയതികളിൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി തീരുമാനങ്ങൾ

## ഉത്തരവ്

സംസ്ഥാനത്തെ റോഡുകൾ പലതും സഞ്ചാരയോഗ്യമല്ലെന്നും യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതു കാരണം പൊതുജനങ്ങൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായും സൂചിപ്പിച്ച് സർക്കാരിന് നിരവധി പരാതികൾ ലഭിക്കുകയുണ്ടായി. ഈ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് സർക്കാർ ഒരു 'റോഡ് പുനരുദ്ധാരണ പദ്ധതി' ആവിഷ്കരിച്ചു വരികയാണ്. തങ്ങൾക്ക് ലഭ്യമായ ഫണ്ടിൽ നിന്ന് പരമാവധി വിഹിതം കണ്ടെത്തി ഈ പദ്ധതിക്ക് നീക്കിവയ്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുറവുള്ള തുകയുടെ ഒരു ഭാഗം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും അനുവദിച്ചു നൽകുകയെന്നതാണ് സർക്കാർ നയം.

2. 2009–10 വാർഷിക പദ്ധതിക്ക് ലഭ്യമായ വിഹിതത്തിൽ നിന്ന് കൂടുതൽ തുക റോഡ് പുനരുദ്ധാരണ പദ്ധതിക്ക് നീക്കിവെയ്ക്കാൻ കഴിയുംവിധം മേഖലാ വകയിരുത്തൽ സംബന്ധിച്ച മാർഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്താവുന്നതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ പ്രതിപാദിക്കുന്നത് പ്രകാരം ഉത്തരവാകുന്നു.

3. 2009–10 വാർഷിക പദ്ധതിയിലെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് ഉത്പാദനമേഖലയ്ക്ക് നിർബന്ധമായും വകയിരുത്തേണ്ട കുറഞ്ഞ വിഹിതം 40 ശമതാനത്തിൽ നിന്ന് 30 ശതമാനമായി കുറവ് ചെയ്യുന്നതിന് എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും അനുമതി നൽകുന്നു. ഇങ്ങനെ ലഭിക്കുന്ന 10 ശതമാനം വിഹിതം റോഡ് പുനരുദ്ധാരണപദ്ധതിക്ക് നീക്കിവെയ്ക്കണം. പ്രസ്തുത 10 ശതമാനം തുക സേവന, പശ്ചാത്തല മേഖലകളിലെ വിവിധ പ്രോജക്ടുകൾക്കും വകയിരുത്താമെങ്കിലും റോഡ് പുനരുദ്ധാരണ പദ്ധതിക്കല്ലാതെ മറ്റ് പ്രോജക്ടുകൾക്ക് ആ തുക വകയിരുത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റോഡു പുനരുദ്ധാരണ പദ്ധതിക്കായി സർക്കാരിൽ നിന്നും അധിക വിഹിതം ലഭിക്കുന്നതല്ല.

4. റോഡ് പുനരുദ്ധാരണ പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് സർക്കാർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

5 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
8 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
10 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
11 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
13 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
14 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
16 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
17 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
24 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്